# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 2 / December 2 | 2019 |
|---|---|

***1193 വൃശ്ചികം 16*** തിങ്കൾ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

**ര ാംഘട്ട നിർമാണോദ്ഘാടനം ഇന്ന്(3)**

നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തുകളിലേക്കുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ര ാംഘട്ട നിർമാണോദ്ഘാടനം ഇന്ന് (3) നടക്കും. നിരണം പനച്ചിമൂട്ടിൽ ഉച്ചകഴിഞ്ഞ് 3.30ന് നടക്കുന്ന ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവഹിക്കും.

അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഡോ.എ. കൗശിഗൻ, ജല അതോറിറ്റി അഡീഷണൽ ചീഫ് സെക്രട്ടറി വിശ്വാസ് മേത്ത്, ജല അതോറിറ്റി ടെക്നിക്കൽ മെമ്പർ ടി.രവീന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ര ാംഘട്ടത്തിൽ നിരണം പഞ്ചായത്തിൽ പൂർണമായും കടപ്ര പഞ്ചായത്തിൽ ഭാഗികമായും സമഗ്ര ഗ്രാമീണ

ശുദ്ധജല വിതരണത്തിനായി വിതരണശൃഖല സ്ഥാപിക്കുന്നതിന് 20 കോടിയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. (പിഎൻപി 3414/19)

## ലോകഭിന്നശേഷി ദിനാചരണം ജില്ലാതല ഉദ്ഘാടനം ഇന്ന്(3)

ലോകഭിന്നശേഷി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (3) രാവിലെ 9.30-ന് കൂടൽ ഗവ.വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ അഡ്വ.കെയു.ജനീഷ്കുമാർ എം.എൽ.എ നിർവഹിക്കും. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.ജി.അനിത മുഖ്യപ്രഭാഷണം നടത്തും. എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ കെ.വി അനിൽ സ്വാഗതം പറയും. ഭിന്നശേഷി കുട്ടികളുടെ വിവിധ കലാപരിപാടികൾ, സമ്മാനദാനം സർട്ടിഫിക്കേറ്റ് വിതരണം എന്നിവയും നടക്കും.

(പിഎൻപി 3415/19)

## വിമുക്തി ജില്ലാ കോ-ഓർഡിനേറ്റർ ഒഴിവ്

വിമുക്തി മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. കരാർ അടിസ്ഥാനത്തിലാണ് നിയമനം. ജില്ലയിൽ ഒരു തസ്തികയാണ് ഉള്ളത്. യോഗ്യത- അംഗീകൃത സർവകലാശാല ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, സർക്കാർ മിഷനുകളിൽ/ സർക്കാർ - അർധ സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിച്ച മുൻപരിചയം, ലഹരി വിരുദ്ധ പ്രവർത്തന മേഖലയിലെ മുൻകാല പ്രാവീണ്യം എന്നിവ അഭികാമ്യം. 35 നും 60 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം 50,000 രൂപ കൺസോളിഡേറ്റഡ് പേ.

വിമുക്തി മിഷന്റെ ജില്ലാതല ബോധവത്കരണ പരിപാടികൾ ഏകോപിപ്പിക്കുക, ലഹരി വിരുദ്ധ സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുക തുടങ്ങിയവയാണ് ചുമതലകൾ. അപേക്ഷകൾ പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ നൽകണം. വിശദ വിവരങ്ങൾ ജില്ലയിലെ എല്ലാ എക്സൈസ് സർക്കിൾ ഓഫീസുകളിൽ നിന്നും എക് സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും ലഭ്യമാണ്. ഫോൺ: 0468 2222873.

(പിഎൻപി 3416/19)

## വരട്ടാർ പുനരുജ്ജീവന ശിൽപ്പശാല ഇന്നു(3) മുതൽ

വരട്ടാർ പുനരുജ്ജീവന പദ്ധതി ര ാം ഘട്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന് സംഘടിപ്പിക്കുന്ന വരട്ടാർ പുനരുജ്ജീവന ശില്പശാല ഇന്നും(3), നാളെയും(4) ചെങ്ങന്നൂർ ഇടനാട് വഞ്ചിപ്പോട്ടിൽ കടവിൽ നടക്കും. ഇന്ന്(3) രാവിലെ 10ന് ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടി ശില്പശാല ഉദ്ഘാടനം ചെയ്യും. സജി ചെറിയാൻ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മാത്യു ടി.തോമസ് എം.എൽ.എ, വീണാ ജോർജ്

എം.എൽ.എ, ഹരിത കേരളം മിഷൻ സംസ്ഥാന ഉപാധ്യക്ഷ ഡോ. ടി എൻ. സീമ എന്നിവർ മുഖ്യപ്രഭാഷണം നടത്തും.

ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണു ഗോപാൽ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ചെങ്ങന്നൂർ നഗരസഭാ ചെയർമാൻ കെ. ഷിബുരാജൻ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി. അജിത, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ആർ കൃഷ്ണകുമാർ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് ആനി മേരി ചെറിയാൻ, തിരുവൻവ ൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ഏലിക്കുട്ടി കുര്യാക്കോസ്, കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ രഘുനാഥ്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.റ്റി. അനസൂയ ദേവി, കോയിപ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോൻസി കിഴക്കേടത്ത്, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം ജോജി ചെറിയാൻ, പത്തനംതിട്ട ജില്ലാ പഞ്ചായത്തംഗം എസ്.വി. സുബിൻ, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൻ. രാജീവ്, വരട്ടാർ സ്വാഗത സംഘം ചെയർമാൻ പി.ആർ പ്രദീപ് കുമാർ തുടങ്ങിയവർ ചടങ്ങിൽ സംസാരിക്കും. ശില്പശാല സമാപന സമ്മേളനം നാളെ(4)വൈകിട്ട് അഞ്ചിന് ധനമന്ത്രി ഡോ.റ്റി.എം.തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്യും. (പിഎൻപി 3417/19)

## ശബരിമേള ഉദ്ഘാടനം ഇന്ന്(3) മന്ത്രി എം.എം മണി നിർവഹിക്കും

പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശബരിമല ഇടത്താവളമായ പന്തളം ശാസ്താ ക്ഷേത്രത്തിന് സമീപം ഒരുക്കിയിട്ടുള്ള ശബരിമേളയുടെ ഉ ദ്ഘാടനം ഇന്ന്(3) ഉച്ചകഴിഞ്ഞ് മൂന്നിന് വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണി നിർവ ഹിക്കും. ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദ്യ വിൽപന നിർവഹിക്കും. ജില്ലാ കളക്ടർ പി.ബി നൂഹ് മുഖ്യപ്രഭാഷണം നടത്തും.

ശബരിമല ഇടത്താവളങ്ങളിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും പരമ്പരാഗത ഉത്പന്നങ്ങളുടെയും വിപണനമേള വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുന്നത്. പന്തളത്തിനു പുറമേ, തിരുവനന്തപുരം ആറ്റുകാൽ ദേവിക്ഷേത്രം, ചെങ്ങന്നൂർ, കുറ്റിപ്പുറം എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ മേള ഒരുക്കിയിട്ടുള്ളതെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ അറിയിച്ചു. ജനുവരി 15 വരെയാണ് മേള. (പിഎൻപി 3418/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഡിസംബർ 2 | |
|---|---|
| December 2 | 2019 |

*1193 വൃശ്ചികം 16* തിങ്കൾ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഏനാത്ത്, പന്തളം സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനം ഇന്ന് (3)**

ഏനാത്ത് 66 കെ.വി. സബ്സ്റ്റേഷനും പന്തളത്തെ 33 കെ.വി. സബ്സ്റ്റേഷനും ഇന്ന് (3) നാടിന് സമർപ്പിക്കും. ഏനാത്ത് സബ്സ്റ്റേഷന്റെ ഉദ്ഘാടനം രാവിലെ 10 നും പന്തളം സബ്സ്റ്റേഷന്റെ ഉദ്ഘാടനം രാവിലെ 11 നും സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി നിർവഹിക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും.

സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ആവശ്യാനുസരണം തടസം കൂടാതെ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വൈദ്യുതി ഉത്പാദന പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പ്രസരണ രംഗത്ത് കൂടുതൽ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുവാൻ വേ ിയുള്ള സമയബന്ധിത പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും സംസ്ഥാന വൈദ്യുതി ബോർഡും ചേർന്ന് നടപ്പാക്കി വരുകയാണ്. ഇതിന്റെ ഭാഗമായാണ് ഏനാത്തും പന്തളത്തും പുതിയ സബ് സ്റ്റേഷനുകൾ നിർമിച്ചത്.

2016 ൽ 18.50 കോടി മതിപ്പ് ചെലവ് കണക്കാക്കി നൽകിയ പുതുക്കിയ ഭരണാനുമതി പ്രകാരം ഏനാത്ത് സബ്സ്റ്റേഷന്റെ നിർമാണം 2016 ആഗസ്റ്റ് 27 ന് ആണ് ആരംഭി

ച്ചത്. ഇലക്ട്രിസിറ്റി ബോർഡ് കമ്പോള വില നൽകി ഏറ്റെടുത്ത 1.05ഏക്കർ സ്ഥലത്താണ് സബ്സ്റ്റേഷൻ പൂർത്തീകരിച്ചിട്ടുള്ളത്. അടൂർ സബ്സ്റ്റേഷനിൽ നിന്നും ഏനാത്ത് സബ്സ്റ്റേഷനിലേക്ക് 11.044 കി. മീ. നീളത്തിൽ നിർമിച്ച 110 കെ.വി. നിലവാരത്തിലുള്ള 66 കെ.വി. ലൈനും 10. എം.വി.എ ശേഷിയുള്ള ര ് 66/11 കെ.വി. ട്രാൻസ്ഫോർമറുകളും ആറ് അനുബന്ധ 11 കെ.വി. ഫീഡറുകളും അടങ്ങുന്നതാണ് ഏനാത്ത് സബ്സ്റ്റേഷൻ. പദ്ധതി യാഥാർഥ്യമായതോടെ ഏനാത്ത്, വയല, വടക്കടത്തുകാവ്, മണ്ണടി, കുളക്കട, പട്ടാഴി എന്നീ പ്രദേശങ്ങളിലെ 25,000 ൽ അധികം വൈദ്യുതി ഉപയോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുകയും വൈദ്യുത തടസങ്ങൾക്ക് ശാശ്വത പരിഹാരമാവുകയും ചെയ്തു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തിയാണ് പന്തളത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമിച്ചത്. 1999ൽ തുടക്കമിട്ട ഈ പദ്ധതി പലവിധ സാങ്കേതിക കാരണങ്ങളാൽ നിർമാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയാതെ നീ ുപോകുകയായിരുന്നു. 2011 ഫെബ്രുവരി 11ന് നിർമാണോദ്ഘാടനം നിർവഹിച്ചു. പിന്നീട് 2016ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം പുനരാരംഭിച്ചു. 534 ലക്ഷം രൂപ ചെലവ് കണക്കാക്കിയിരുന്ന പദ്ധതി അനുവദനീയമായ കാലാവധിക്കുള്ളിൽ അടങ്കൽതുകയിലും കുറഞ്ഞ ചെലവിൽ പൂർത്തിയാക്കാനായി.

പന്തളം പൂഴിക്കാട് കെഎസ്ഇബി. ലിമിറ്റഡിന്റെ അധീനതയിലുള്ള സ്ഥലത്ത് നിർമാണം പൂർത്തിയാക്കിയ സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നത് ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷനിൽനിന്നും പുതുതായി നിർമിച്ച 7.6 കിലോമീറ്റർ ദൈർഘ്യമുള്ള 33 കെ.വി. ലൈനിലൂടെയാണ്. അഞ്ച് എം.വി.എ. ശേഷിയുള്ള ര ് 33/11 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ള സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി വിതരണത്തിനായി ആറ് 11 കെ.വി. ഫീഡറുകളും, സ്ഥാപിച്ചിട്ടു ്. പന്തളം സബ്സ്റ്റേഷൻ യാഥാർഥ്യമായതോടുകൂടി പന്തളം മുനിസിപ്പാലിറ്റിയിലെയും, കുളനട, തുമ്പമൺ, നൂറനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെയും വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമായിരിക്കുകയാണ്.

(പിഎൻപി 3419/19)

## മാലിന്യ സംസ്കരണം: ഗ്രീൻ ട്രൈബ്യൂണലിന്റെ നിർദേശങ്ങൾ പാലിക്കണം- ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി

നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ നിർദേശങ്ങൾ പാലിച്ച് മാലിന്യസംസ്കരണ രംഗത്ത് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മാതൃകയാകുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ ജി.ആർ.ബിൽകുൽ നിർദേശിച്ചു. ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, അസിസ്റ്റന്റ് എൻജിനീയർമാർ എന്നിവരെ പങ്കെടുപ്പിച്ച് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അലക്സ് പി. തോമസ് അധ്യക്ഷത വഹിച്ചു. ശുചിത്വമിഷന്റെ സഹായത്തോടെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ മാലിന്യസംസ്കരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തുകയും ഈമാസം 31 ന് മുൻപായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), ലോകബാങ്ക് സഹായത്തോടു കൂടിയ ഇൻസന്റീവ് ഗ്രാന്റ് തുകകൾ ചെലവഴിക്കണമെന്നും നിർദേശം നൽകി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (ആർ.ആർ.എഫ്) എന്നിവയുടെ നിർമാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും, ഹരിതസഹായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിതകർമ സേനയുടെ ചിട്ടയായ പ്രവർത്തനം എല്ലാ വാർഡുകളിലും കാര്യക്ഷമതയോടെ നടപ്പാക്കുന്നതിനും വേ നടപടി ഉ ാകണമെന്നും നിർദേശിച്ചു.

ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി. രാധാകൃഷ്ണൻ, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ.രാജേഷ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ്. സൈമ, എൽ.എസ്.ജി എക്സിക്യൂട്ടീവ് എൻജിനീയർ ഹരികുമാർ, ശുചിത്വമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ടി.എം.ജോസഫ്, ടെക്നിക്കൽ കൺസൾട്ടന്റ് ജെറിൻ ജെയിംസ് വർഗീസ്, ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റന്റ് എൻജിനീർമാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3420/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന മാലിന്യസംസ്കരണ പദ്ധതികളുടെ അവലോകനയോഗത്തിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ ജി.ആർ.ബിൽകുൽ സംസാരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

ഡിസംബർ 2

**December 2** **2019**

*1193 വൃശ്ചികം 16* തിങ്കൾ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


### ക്ഷേമനിധി- അംഗങ്ങളുടെ മക്കൾക്ക് സിവിൽ സർവീസ് കോച്ചിംഗ്

കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കൾക്കും ആശ്രിതർക്കുമായി തിരുവനന്തപുരത്തുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ളോയ്മെന്റിന്റെ (കിലെ) കീഴിൽ സിവിൽ സർവീസ് കോഴ്സ് തുടങ്ങാൻ സർക്കാർ തീരുമാനിച്ചു. 2020 ജൂൺ ര ിന് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. 2020 ആഗസ്റ്റ് ഒന്നിന് 21 വയസ് പൂർത്തിയായിരിക്കണം. പരമാവധി പ്രായം 32 വയസാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് മൂന്ന് വർഷത്തെയും, പട്ടികജാതി പട്ടികവർഗക്കാർക്ക് അഞ്ചു വർഷത്തേയും, ഭിന്നശേഷിക്കാർക്ക് 10 വർഷത്തേയും വയസിളവ് ലഭിക്കും. താൽപര്യമുള്ള തൊഴിലാളികളുടെ മക്കളും ആശ്രിതരും വിദ്യാഭ്യാസം, വയസ്, ജാതി എന്നിവ തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട ക്ഷേമ ബോർഡുകളിൽ നിന്നും ലഭിക്കുന്ന ബന്ധുത്വ സർട്ടിഫിക്കറ്റും സഹിതം എക ്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെൻറ്, നാലാംനില, തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം -33 എന്ന

വിലാസത്തിൽ ഈമാസം 10ന് അകം അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങളും അപേക്ഷ ഫോമും www.kile.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

(പിഎൻപി 3421/19)

## ഭിന്നശേഷി ദിനാചരണം ഇന്ന് (3) ഓമല്ലൂരിൽ

ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ ആഭിമുഖ്യത്തിൽ ജില്ലാ ഭരണകൂടം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ലോക ഭിന്നശേഷി ദിനാചരണം ഇന്ന് (3) നടക്കും. ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽ രാവിലെ ഒൻപതിന് കലാകായിക പരിപാടികളുടെ ഉദ്ഘാടനം ജില്ലാ കളക്ടർ പി.ബി. നൂഹ് നിർവഹിക്കും.

സമാപന സമ്മേളനം വൈകിട്ട് നാലിന് വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. വിവിധ പരിപാടികളിൽ പങ്കെടുത്ത് വിജയിച്ച കുട്ടികൾക്കുള്ള സമ്മാനദാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും. ജില്ലയിലെ വിവിധ വിഭാഗത്തിൽപെട്ട ഭിന്നശേഷിക്കാർ, സ്പെഷൽ സ്കൂളുകളിലെയും വിവിധ സംഘടനകളുടെയും പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കുമെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു. (പിഎൻപി 3422/19)

## അഭിമുഖം

ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി, കാറ്റഗറി നമ്പർ 231/2016) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് എറണാകുളം ജില്ലാ പിഎസ് സി ഓഫീസിൽ ഈമാസം അഞ്ചിന് പിഎസ് സി അഭിമുഖം നടത്തും. എസ്എംഎസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖേന അറിയിപ്പ് ഉദ്യോഗാർഥികൾക്ക് നൽകിയിട്ടു ്. വൺടൈം വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജനന തീയതി, യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വ്യക്തിവിവര കുറിപ്പ് സഹിതം അഭിമുഖത്തിന് ഹാജരാകണം. പ്രൊഫൈൽ മെസേജ് ലഭിക്കാത്തവർ പിഎസ് സിയുടെ പത്തനംതിട്ട ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0468-2222665. (പിഎൻപി 3423/19)

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ അവസരം

വിവിധ കാരണങ്ങളാൽ 1/1/99 മുതൽ 20.11.19 വരെയുള്ള കാലയളവിൽ (രജിസ്ട്രേഷൻകാർഡിൽ റിന്യൂവൽ 10/98 മുതൽ 08/19 വരെ രേഖപ്പെടുത്തുതിയിട്ടുള്ളവർ ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാതിരുന്നവർക്കും, ഈ കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാതെ റദ്ദായതിന് ശേഷം റീ രജിസ്റ്റർ ചെയ്തവർക്കും തനതു സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുവാൻ അവസരം നൽകി ഉത്തരവായി. ഈ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ചു നിയമാനുസൃതം വിടുതൽ ചെയ്തു സർട്ടിഫിക്കറ്റ് യഥാസമയം ചേർക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ച ജോലി പൂർത്തിയാക്കാനാകാതെ മെഡിക്കൽ ഗ്രൗ ിലോ, ഉപരിപഠനത്തിനോ വേ ി വിടുതൽ

ചെയ്തവർക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ചിട്ടും മനപ്പൂർവമല്ലാത്ത കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കുവാൻ കഴിയാതെ വരുകയോ ബന്ധപ്പെട്ട രേഖകൾ യഥാസമയം ഹാജരാക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടമായവർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ സ്വകാര്യ മേഖലയിൽ നിയമനം ലഭിച്ച വിടുതൽ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകൾ (ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയത്) യഥാസമയം ഹാജരാക്കാൻ കഴിയാത്തവർക്കും ആനുകൂല്യം നൽകി സീനിയോറിറ്റി പുനസ്ഥാപിക്കാം.

ശിക്ഷാ നടപടിയുടെ ഭാഗമായോ മനഃപൂർവം ജോലിയിൽ ഹാജരാകാതിരുന്നാലോ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കില്ല. ഇപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷകൾ ഡിസംബർ ര ു മുതൽ 2020 ജനുവരി 31 വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും സ്വീകരിക്കും. സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നവർക്ക് ഈ കാലയളവിലെ തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് അർഹത ഉ ായിരിക്കുന്നതല്ല. ഉദ്യോഗാർഥികൾക്ക് എംപ്ലോയ്മെന്റ് വകുപ്പിന്റെ ണണണ. Employment.kerala.gov.in എന്ന വെബ്സൈറ്റ് വഴിയും സ്മാർട്ട് ഫോൺ മുഖേനയും രജിസ്ട്രേഷൻ പുതുക്കാവുന്നതാണെന്നും ജില്ലാ എംപ്ലോയ് മെന്റ് ഓഫീസർ അറിയിച്ചു. (പിഎൻപി 3424/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 2 / December 2 | 2019 |
| --- | --- |

***1193 വൃശ്ചികം 16*** തിങ്കൾ

# പത്രക്കുറിപ്പ് -4

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

### കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് : പെൻഷൻ മസ്റ്ററിംഗ് ആരംഭിച്ചു

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണ ഭോക്താക്കൾക്കുള്ള പെൻഷൻ മസ്റ്ററിംഗ് ആരംഭിച്ചു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങ ളാണ് മസ്റ്ററിംഗിനായുള്ളത്. ഒന്ന്, ര ് വാർഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് വിളയിൽ ഭാഗത്തും മൂന്ന്, നാല് വാർഡുകളിലുള്ളവർക്ക് മുറിഞ്ഞകൽ ഹൈസ്കൂളിലും അഞ്ച്, ആറ് വാർഡുകളിലുള്ളവർക്ക് അതിരുങ്കൽ എൽ പി എസിനു സമീപവും ഏഴ്, എട്ട്, ഒൻപത്, 11,12,13,14,15,16,17 എന്നീ വാർഡുകളിലുള്ളവർക്ക് കലഞ്ഞൂർ എൻ.എ സ്.എസ് ഓഡിറ്റോറിയത്തിലും 10,18,19,20എന്നീ വാർഡുകളിലുള്ളവർക്ക് കൂടൽ ശ്രുതി ഓഡിറ്റോറിയത്തിലും ഡിസംബർ 15 വരെ മസ്റ്ററിംഗ് നടക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. (പിഎൻപി 3425/19)

### റേഷൻ വിതരണം

ജില്ലയിലെ എല്ലാ താലൂക്കുകളിലും നവംബർ മാസത്തെ വിതരണത്തിനായി അനുവ ദിച്ച റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ഡിസംബർ നാലു വരെ റേഷൻ കടകളിൽ നിന്ന് ലഭ്യമാകുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. (പിഎൻപി 3426/19)

## സ്കോളർഷിപ്പ്

മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ 2019 മാർച്ച് 31 വരെ അംഗത്വം എടുത്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കുള്ള 2019-20 അധ്യയന വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ഒക്ടോബർ 15 മുതൽ വിതരണം ചെയ്യും. വാർഷിക പരീക്ഷയ്ക്ക് 50 ശതമാനം മാർക്ക് നേടിയിട്ടുള്ള എട്ടാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാം. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യത പരീക്ഷയുടെ അടിസ്ഥാനത്തിൽ മെറിറ്റ് ക്വോട്ടയിൽ പ്രവേശനം നേടിയവരായിരിക്കണം. അപേക്ഷകൾ സാ൦േ൦ളയ.ൃീഴ എന്ന വെബ് സൈറ്റിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം 2019 ഡിസംബർ 24 ന് മുൻപ് ജില്ലാ ഓഫീസിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഓഫീസുമായി 0468 2320158 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 3427/19)

## ഷോർട്ട് ലിസ്റ്റ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ്' പ്രോഗ്രാമിന്റെ മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അർഹരായ ഗുണഭോക്താക്കളുടെ താൽക്കാലിക ഷോർട്ട് ലിസ്റ്റ് ംംം.യരററ.സലൃമഹമ.ഴീ.ശി എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം 0484-2429130), കോഴിക്കോട് (0495-2377786) മേഖലാ ഓഫീസുകളുമായി ബന്ധപ്പെടണം. (പിഎൻപി 3428/19)

## റോഡ് സുരക്ഷാ സമിതി യോഗം 16 ന്

ജില്ലാ റോഡ് സുരക്ഷാ സമിതി യോഗം 16 ന് രാവിലെ 10.30 ന് ജില്ലാ കളക്ടറുടെ ചേംബറിൽ നടക്കും. സെപ്റ്റംബർ മുതൽ നവംബർ മാസം വരെ റോഡ് സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ യോഗം വിലയിരുത്തും. (പിഎൻപി 3429/19)

## സൗജന്യ പരിശീലനം

പത്തനംതിട്ട എസ്.ബി.ഐ യുടെ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ സൗജന്യ പേപ്പർ കവർ, ബാഗ്, ക്ലോത്ത് ബാഗ്, സ്ക്രീൻ പ്രിന്റിംഗ് എന്നിവയുടെ നിർമാണ പരിശീലനം ആരംഭിക്കുന്നു. 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ 0468 2270244, 2270243 നമ്പരിൽ ഉടനെ പേര് രജിസ്റ്റർ ചെയ്യണം. (പിഎൻപി 3430/19)

## ശബരിമല: ഇന്ന് (3) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ഇന്ന് (3) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ബിലീവേഴ്സ് ചർച്ച് മെഡിക്കൽ സെന്റർ കോന്നി, എബിൻ മെഡിക്കൽസ് പത്തനംതിട്ട, ഹരികൃഷ്ണ മെഡിക്കൽസ് കോഴഞ്ചേരി, ബിനു മെഡിക്കൽസ് അടൂർ, തുഷാര മെഡിക്കൽസ് പന്തളം, ഭാഗവത് മഡിക്കൽസ് തിരുവല്ല, തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, റാന്നി. (പിഎൻപി 3431/19)

## ഇൻസ്ട്രുമെന്റ് മെക്കാനിക്ക്

ഗവൺമെന്റ് ഐ.ടി.ഐ ചെന്നീർക്കരയിൽ ഇൻസ്ട്രുമെന്റ് മെക്കാനിക്ക് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിന് അഞ്ചിന് രാവിലെ 11 ന് ഇന്റർവ്യൂ നടത്തും. ബന്ധപ്പെട്ട ട്രേഡിൽ ഡിഗ്രി / ഡിപ്ലോമ / ഐ.ടി.ഐ യും പ്രവൃത്തി പരിചയവുമുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാകണം. ഫോൺ : 0468-2258710. വെബ് സൈറ്റ് : www.itichenneerkara.kerala.gov.in.

## ചക്കുളത്തുകാവ് പൊങ്കാല: സർക്കാർ തല ക്രമീകരണങ്ങൾക്ക് രൂപം നൽകി

ചക്കുളത്ത്കാവ് പൊങ്കാല ഉത്സവത്തോട് അനുബന്ധിച്ച് ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകൾ നടത്തേ ക്രമീകരണങ്ങൾക്ക് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അലക്സ് പി.തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ക്ഷേത്രം ഭാരവാഹികളുടെയും യോഗം രൂപം നൽകി. ഡിസംബർ 10ന് ആണ് ചക്കുളത്തുകാവ് പൊങ്കാല. ക്ഷേത്രപരിസരത്തും, റോഡിലും പൊങ്കാല അടുപ്പുകളുമായി ഇരിക്കുന്ന സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷയും,ട്രാഫിക്ക് നിയന്ത്രണവും,ക്രമസമാധാനപാലനവും പോലീസ് ഉറപ്പുവരുത്തും.ഇതിനായി105 വനിത പോലീസ് ഉദ്യോഗസ്ഥരടക്കം 259 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. പൊങ്കാല ദിവസം കെ.എസ്.ആർ.ടി.സി 17 ബസ് സർവീസ് നടത്തും.കൂടാതെ തിരുവനന്തപുരത്ത് നിന്ന് അടക്കം പ്രത്യേക സർവീസ് നടത്തും. അടുത്തുള്ള കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽനിന്ന് പ്രത്യേക ബസ് സർവീസ് ഉ ാകും.

വാട്ടർ അതോറിറ്റി കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തും. പൊങ്കാല ദിവസം ക്ഷേത്ര പരിസരത്ത് പൂർണ മദ്യനിരോധനം ഏർപ്പെടുത്തി.തിരുവല്ല ഗവൺമെന്റ് ആശുപത്രിയിലും ചാത്തങ്കേരി പി.എച്ച്. സെന്ററിലും അടിയന്തിര ചികിൽസക്കുള്ള സൗകര്യം ആരോഗ്യ വകുപ്പ് ഒരുക്കും.ഫയർഫോഴ്സ് ആവശ്യമായ സജീകരണങ്ങൾ ഒരുക്കും.കെ.എസ്.ഇ.ബി വൈദ്യുതി മുടങ്ങാതിരിക്കാൻ സ്പെഷ്യൽ ടീമിനെ സജ്ജമാക്കി നിർത്തും. ക്ഷേത്രപരിസരത്ത് മാംസ, മൽസ്യ കടകൾ അടച്ചിടാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കും.

ചക്കുളത്തുകാവ് പൊങ്കാല മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായും വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയലിനെ കോ-ഓർഡിനേറ്ററായും തിരുവല്ല തഹസിൽദാർ കെ. നവീൻ ബാബുവിനെ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും ചുമതലപ്പെടുത്തി.യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ ( ഡി.എം) ആർ.ബീനാ റാണി, തിരുവല്ല ഡിവൈഎസ്പി ജെ. ഉമേഷ് കുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ക്ഷേത്രം അഡ്മിനിട്രേറ്റർ അഡ്വ കെ.കെ ഗോപാലകൃഷ്ണൻ നായർ, ഫെസ്റ്റിവൽ കമ്മറ്റി പ്രസിഡന്റ് സതീഷ്കുമാർ, ഹരിക്കുട്ടൻ നമ്പൂതിരി, സുരേഷ് കാവുംഭാഗം, തുടങ്ങിയവർ പങ്കെടുത്തു.

## ജില്ലാതല എയ്ഡ്സ് ദിനാചരണം നടത്തി

ജില്ലാതല എയ്ഡ്സ് ദിനാചരണത്തിന്റെ ഉദ്ഘാടനം തിരുവല്ല സെൻറ് ജോൺസ് കത്തീഡ്രൽ ഹാളിൽ അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ നിർവഹിച്ചു. തിരുവല്ല മുനിസിപ്പൽ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ അധ്യക്ഷനായിരുന്നു. ചടങ്ങിൽ തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ റെഡ് റിബൺ അണിയിച്ചു. ഫാ.ഡോ. ഐസക് പറപള്ളിൽ സ്നേഹദീപം തെളിയിച്ചു. ഡി.എം.ഒ. ഡോ. എ.എൽ ഷീജ മുഖ്യ പ്രഭാഷണം നടത്തി. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. സി. എസ്. നന്ദിനി എയ്ഡ്സ് ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ജില്ലാ എയ്ഡ്സ് നിയന്ത്രണ ഓഫീസർ ഡോ. നിധീഷ് ഐസക് സാമുവേൽ, ഡോ. ആർ. സുനീത കുമാരി, സി.ജി. ശശിധരൻ, കെ.വി. ജോൺസൺ, വിജയാ നായർ, ജേക്കബ് ജോർജ് മനയ്ക്കൽ, ടി.കെ അശോക് കുമാർ, എ. സുനിൽകുമാർ, സാബുക്കുട്ടി എന്നിവർ സംസാരിച്ചു. ദിനാചരണത്തിന് തുടക്കം കുറിച്ച ബോധവൽക്കരണ റാലി തിരുവല്ല എസ്.സി.എസ് സ്കൂളിൽ തിരുവല്ല ഡിവൈ.എസ്പി. ജെ. ഉമേഷ് കുമാർ ഫ്ളാഗ് ഓഫ് ചെയ്തു. റാലിയിലെ മികച്ച പങ്കാളിത്തത്തിന് ഇലന്തൂർ ഗവൺമെൻറ് സ്കൂൾ ഓഫ് നഴ്സിംഗ്, പൊയ്യാനിൽ കോളജ് ഓഫ് നഴ്സിംഗ് എന്നിവർ യഥാക്രമം ഒന്നും ര ും സ്ഥാനങ്ങൾ നേടി. വിജയികൾക്ക് സാറാമ്മ വർഗീസ് കോയിപ്പുറത്ത് മെമ്മോറിയൽ എവറോളിംഗ് ട്രോഫി സമ്മാനിച്ചു.

ദിനാചരണത്തിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാർഥികൾക്കുള്ള സ്കിറ്റ് മത്സരത്തിൽ അടൂർ ഹോളിക്രോസ് കോളജ് ഓഫ് നഴ്സിംഗ് ഒന്നാം സ്ഥാനവും കോഴഞ്ചേരി പൊയ്യാനിൽ കോളജ് ഓഫ് നഴ്സിംഗ് ര ാംസ്ഥാനവും ഇലന്തൂർ ഗവൺമെൻറ് സ്കൂൾ ഓഫ് നഴ്സിംഗ് മൂന്നാംസ്ഥാനവും നേടി. വിജയികൾക്ക് ക്യാഷ് പ്രൈസും വിതരണം ചെയ്തു.

## സംരംഭകപരിശീലന പരിപാടി നടത്തി

മൃഗസംരക്ഷണ വകുപ്പ് പത്തനംതിട്ട പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അടൂർ ബ്ലോക്ക് റിസോഴ്സ് സെന്ററിൽ താലൂക്കുതല സംരംഭകപരിശീലന പരിപാടി സംഘടിപ്പിച്ചു. അടൂർ നഗരസഭ വാർഡ് കൗൺസിലർ സിന്ധു തുളസീധരക്കുറുപ്പ് അധ്യക്ഷത വഹിച്ച യോഗം ചിറ്റയം ഗോപകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ഡോക്ടർ ബി.എൻ. ഷാജി, ഫീൽഡ് ഓഫീസർ ടി. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. മൃഗസംരക്ഷണ മേഖലയിലെ സംയോജിത പദ്ധതികളും ഉത്പന്ന വിപണന സാധ്യതകളും എന്ന വിഷയത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും, ഇടുക്കി ഹരിതകേരള മിഷൻ ജില്ലാ കോർഡിനേറ്ററുമായ ഡോക്ടർ ജി.എസ് മധു, ബാങ്ക് വായ്പ നിയമങ്ങൾ എന്ന വിഷയത്തിൽ പറക്കോട് ബ്ലോക്ക് എഫ്.എൻ.സി എസ്കൃഷ്ണകുമാർ, ഫാം രജിസ്ട്രേഷൻ ലൈസൻസ് നിയമങ്ങൾ എന്ന വിഷയത്തിൽ പത്തനംതിട്ട ലൈഫ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സി പി സുനിൽ എന്നിവർ ക്ലാസ് നയിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഉമ്മൻ പി. രാജ് പരിപാടിയുടെ മോഡറേറ്ററായി പ്രവർത്തിച്ചു.

### ഫോട്ടോ അടിക്കുറിപ്പ്

3)ജില്ലാതല എയ്ഡ്സ് ദിനാചരണത്തിന്റെ ഉദ്ഘാടനം തിരുവല്ല സെൻറ് ജോൺസ് കത്തീഡ്രൽ ഹാളിൽ അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ നിർവഹിക്കുന്നു.

4) മൃഗസംരക്ഷണ വകുപ്പ് പത്തനംതിട്ട പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അടൂർ ബ്ലോക്ക് റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ച താലൂക്കുതല സംരംഭകപരിശീലന പരിപാടി ചിറ്റയം ഗോപകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.